# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.* 477 17/05/2017-ൽ മറുപടിക്ക്

## കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.എം.ഷാജി<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.അബ്ദുൽ ഹമീദ് പി.<br>ശ്രീ.സി.മമ്മൂട്ടി** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)** | |
| (എ) | കുടുംബക്ഷേമ ഉപകേന്ദ്ര-ങ്ങളുടെ പ്രവർത്തനം കാര്യക്ഷമമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി-കൾ വിശദമാക്കുമോ; | എ) | എല്ലാ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ജിവനക്കാരുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ചുറ്റമതിൽ, കുഴൽ കിണർ, അറ്റകുറ്റപണി, കാലപ്പഴക്കം ചെന്ന ഉപകേന്ദ്രങ്ങൾ പൊളിച്ചുമാറ്റി പുതിയവ നിർമ്മിക്കുക, എന്നിവയ്ക്ക് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രതിരോധ കുത്തിവെയ്പ്, NCD Clinic, Adolescent Health Clinic, പകർച്ചവ്യാധി നിയന്ത്രണം മറ്റ് രോഗ നിയന്ത്രണ പരിപാടികൾ എന്നിവ ജനപങ്കാളിത്തത്തോടെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ നടപ്പിലാക്കി വരുന്നു. E-Health സംവിധാനം വരുന്നതോടെ കുടുംബക്ഷേമ കേന്ദ്രങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുന്നതാണ്. കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലൂടെ നടപ്പിലാക്കിവരുന്ന സേവനങ്ങൾ മെച്ചപ്പെടുത്തി ഇവയെ ജനസൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റുന്നതാണ്. |
| ബി) | ഓരോ ഉപകേന്ദ്രത്തിനും അനുവദനീയമായ സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കുമോ; | ബി) | ഓരോ ഉപകേന്ദ്രത്തിനും ജെ.എച്ച്.ഐ. ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ആണ് അനുവദനീയമായ സ്റ്റാഫ് പാറ്റേൺ. |
| സി) | ഈ കേന്ദ്രങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; അവ കൃത്യതയോടെ പ്രാവർ-ത്തികമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | സി) | വാർഡ് തല കുടുംബക്ഷേമ പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കുക, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുക, പ്രതിരോധ കുത്തിവെയ്പ് നടത്തുക, ഗർഭകാല പരിചരണം ഉറപ്പ് വരുത്തുക, പ്രസവം ആശുപത്രികളിൽ നടത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുക, അമ്മയ്ക്കും കുഞ്ഞിനുമുള്ള പരിചരണം, മുലയൂട്ടൽ പ്രോൽസാഹിപ്പിക്കുക എന്നിവയാണ് കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ ഉദ്ദേശ ലക്ഷ്യം. കേരളത്തിൽ മാറിയ രോഗാതുരതയുടെ സാഹചര്യത്തിൽ ജീവിത ശൈലീരോഗങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകിക്കൊണ്ടുള്ള പ്രത്യേക ആരോഗ്യ പരിചരണ സംവിധാനങ്ങൾ വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. പഞ്ചായത്തിന്റെ സഹായത്തോടെ ഫീൽഡ് തല ആരോഗ്യ പ്രവർത്തനങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ആരോഗ്യ പ്രവർത്തനങ്ങളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ